**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിൽ 2017-18-ൽ ആരംഭിച്ച നിള സംഗ്രഹാലയം പദ്ധതി നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എന്തെല്ലാം സാങ്കേതിക കാരണങ്ങളാലാണ് പ്രസ്തുത പ്രൊജക്റ്റ് വൈകുന്നത്; ഈ പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പൊന്നാനി നിയോജക മണ്ഡലത്തിലെ നിള ഹെറിറ്റേജ് മ്യൂസിയം എന്ന ടൂറിസം പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ പൂർത്തികരിച്ചിട്ടില്ല. ഈ പദ്ധതിയുടെ ചില നിർമ്മാണ പ്രവർത്തികൾക്കായുള്ള സ്ഥലത്തിന് ജലസേചന വകുപ്പിൽ നിന്ന് ഉപയോഗാനുമതി ലഭിക്കാനുള്ളതുകൊണ്ടും ചില പ്രവർത്തികൾക്കിനിയും സാങ്കേതികാനുമതി ലഭിക്കാനുള്ളതുകൊണ്ടുമാണ് നിർമ്മാണം നിലവിൽ വൈകുന്നത്. സ്ഥലത്തിന് ഉപയോഗാനുമതി ലഭിക്കുന്നതിന് ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പ് (പ്രോജക്റ്റ് വിഭാഗം), കോഴിക്കോട്, സെക്രട്ടറി, ജലവിഭവ വകുപ്പ് തിരുവനന്തപുരം എന്നിവർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ഭൂവിനിയോഗനുമതി/നിരാക്ഷേപപത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച് ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി ഇറിഗേഷൻ വകുപ്പുമായി 5.12.2022 ന് ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. NOC ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി ഘടകങ്ങൾക്ക് കൂടി സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണം തുടങ്ങിയ മറൈൻ മ്യൂസിയം നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ടി പദ്ധതി പൂർത്തീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ? | (ബി) | മറൈൻ മ്യൂസിയത്തിനായുള്ള കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് ബിൽഡിങ് നമ്പറും,വൈദ്യുതി കണക്ഷനും,വാട്ടർ കണക്ഷനും ലഭ്യാമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട CRZ ക്ലിയറൻസിനായും, ഫയർ & സേഫ്റ്റി നിരാക്ഷേപ പത്രം ലഭിക്കുന്നതിനായും നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ പ്രവർത്തികൾ പൂർത്തിയായ കെട്ടിടങ്ങളിൽ മറൈൻ മ്യൂസിയം സജ്ജീകരിക്കുന്നതിന് രണ്ടാം ഘട്ട പദ്ധതിക്കായുള്ള |

| | | | |
|---|---|---|---|
| | | | **നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ